**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2579** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ പാം ട്രീ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി വകുപ്പ് നടത്തിയ ഓപ്പറേഷൻ പാം ട്രീ-യുമായി ബന്ധപ്പെട്ട് എത്ര കോടിയുടെ അനധികൃത ജി. എസ്. ടി ഇടപാടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഓപ്പറേഷൻ 'പാം-ട്രീ" എന്ന പേരിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം ആക്രി കച്ചവട കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിൽ പ്രഥമ ദൃഷ്ടിയാൽ 1,170 കോടി രൂപയുടെ വ്യാജ ഇടപാടുകൾ കണ്ടെത്തി. |
| (ബി) | പ്രസ്തുത ഓപ്പറേഷനുമായി ബന്ധപ്പെട്ട് നികുതിയായി എത്ര കോടി രൂപ ഈടാക്കിയിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത ഓപ്പറേഷനുമായി ബന്ധപ്പെട്ട് നികുതിയായി നാളിതുവരെ 1.89 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) | വ്യാജ മേൽവിലാസങ്ങൾ ഉപയോഗിച്ച് ഇൻപുട്ട് ടാക്സ് വെട്ടിച്ച എത്ര സ്ഥാപനങ്ങൾ ഈ കേസിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) | വ്യാജ മേൽവിലാസങ്ങൾ ഉപയോഗിച്ച് ഇൻപുട്ട് ടാക്സ് വെട്ടിച്ച 148 സ്ഥാപനങ്ങൾ ഈ കേസിൽ ഉൾപ്പെട്ടിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇവർക്കെതിരെ സ്വീകരിച്ച അറസ്റ്റ് അടക്കമുള്ള തുടർനടപടികൾ വിശദമാക്കുമോ? | (ഡി) | ഓപ്പറേഷൻ "പാം-ട്രീ" യുമായി ബന്ധപെട്ട 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ